"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - വൃത്തി 2025-ദി ക്ലീൻ കേരള കോൺക്ലേവ് സംഘാടനത്തിനുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതം കൈമാറുന്നതിന് ജി.ഒ. പ്രോജക്ട് ഏറ്റെടുക്കാൻ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.732/2025/LSGD തീയതി,തിരുവനന്തപുരം, 19-03-2025

---

പരാമർശം:- 1. സ.ഉ. (സാധാ)നം.645/2025/തസ്വഭവ; തീയതി 07.03.2025

**<u>ഉത്തരവ്</u>**

സംസ്ഥാനത്ത് മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങളുടെ ഫലമായി നാളിതുവരെ കൈവരിച്ച നേട്ടങ്ങളെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുസമൂഹത്തിന്റെയും മുൻപാകെ ഉയർത്തികാട്ടുന്നതിന് ലക്ഷ്യമിട്ട്, 'വൃത്തി 2025 - ദി ക്ലീൻ കേരള കോൺക്ലേവ്' എന്ന പേരിൽ ഒരു ഇവന്റ്, ഏപ്രിൽ 9 മുതൽ 13 വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശിത ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പരിപാടിയുടെ സംഘാടന ചെലവിലേയ്ക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നോ, പ്ലാൻ ഫണ്ടിൽ നിന്നോ, പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നോ, പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 4(iii)ൽ പട്ടികപ്പെടുത്തിയിട്ടുള്ള നിശ്ചിത ഫണ്ട് വകയിരുത്തി, ശുചിത്വ മിഷന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറുന്നതിനും അത് പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

2. 'വൃത്തി 2025 - ദി ക്ലീൻ കേരള കോൺക്ലേവ്' സംഘാടനത്തിനായി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വിഹിതം കൈമാറുന്നതിനുള്ള പ്രോജക്ട്, ജി.ഒ. പ്രോജക്ട് ആയി ഉൾപ്പെടുത്തുന്നതിനുള്ള ക്രമീകരണം സുലേഖ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അത് പ്രകാരം വിഹിതം ശുചിത്വ മിഷന്റെ അക്കൗണ്ടിൽ കൈമാറുന്നതിന് ജി.ഒ. പ്രോജക്ട് ഏറ്റെടുക്കാൻ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ റ്റി വി
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും

6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
12. എല്ലാ ജില്ലാ കളക്ടർമാർക്കും
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
15. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
16. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
17. ഡയറക്ടർ ജനറൽ, കില
18. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
19. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
20. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
21. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
22. തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്
23. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 19-03-2025 16:30:42
സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്